LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I-ൽ ഉള്ളടക്കം ചെയ്യുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി "ആശിക്കുന്ന ഭൂമി ആദിവാസിക്ക് സ്വന്തം" എന്ന പദ്ധതി രൂപീകരിച്ച് ഭൂമി വാങ്ങി നൽകിവരുന്നു. കൂടാതെ, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് മുൻഗണന നൽകി ഒരേക്കർ ഭൂമി വീതം നൽകുന്ന പദ്ധതി, നിക്ഷിപ്ത വനഭൂമി, മിച്ചഭൂമി മുതലായവ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുന്ന പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

(സി) പുനലൂർ, പത്തനംതിട്ട, ഇടുക്കി, കാഞ്ഞിരപ്പള്ളി, മൂവാറ്റുപുഴ, കൽപ്പറ്റ, മാനന്തവാടി, ബത്തേരി എന്നിവിടങ്ങളിൽ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ മലപ്പുറം ജില്ലയിൽ ഇപ്രകാരം ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടില്ല.

ഭൂരഹിതരും ഭവനരഹിതരുമായിട്ടുള്ള പട്ടികവർഗ്ഗ വിഭാഗക്കാർ

296 (666) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർ ഭൂരഹിതരും ഭവനരഹിതരുമായിട്ടുണ്ടെന്ന് കണ്ടെത്തിയതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഇവരിൽ എത്രപേർക്ക് ഈ സർക്കാർ ഇതേവരെ ഭൂമിയും വീടും നൽകിയെന്നും ഇനി എത്ര ഭൂരഹിതരും ഭവനരഹിതരും നിലവിലുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാവരും വാസയോഗ്യമായ വീടുകളിലാണ് താമസിക്കുന്നതെന്ന് ഉറപ്പു വരുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പുതുതായി നിർമ്മിച്ചു നൽകുന്ന വീടുകൾക്കും അറ്റകുറ്റപ്പണികൾക്കായി തെരഞ്ഞെടുക്കുന്ന വീടുകൾക്കും അനുവദിക്കുന്ന തുക പൂർണ്ണമായും ഈ ആവശ്യത്തിനു വേണ്ടി വിനിയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2014-15 വർഷം വകുപ്പ് ശേഖരിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്തുള്ള ഭവനരഹിതരുടെയും ഭൂരഹിതരുടെയും വിവരങ്ങൾ അനുബന്ധം ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു.*

(ബി) ഭവനരഹിതരായ 30106 പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം നടത്തുന്നതിനുള്ള നടപടി ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു.* 2014-15 വർഷത്തെ കണക്കുപ്രകാരം 202 പേർക്കും ഇതിനുശേഷം പുതുതായി ആവിർഭവിച്ച ഭവന രഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് നൽകേണ്ടതായിട്ടുണ്ട്. "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതിയിലൂടെ സംസ്ഥാനത്തെ ഭൂരഹിതരായ 490 കുടുംബങ്ങൾക്ക് ഇതുവരെ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ഇനിയും 10027 കുടുംബങ്ങൾക്ക് ഭൂമി വിതരണം നടത്താനുണ്ട്.

(സി) ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെയും, ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർമാരുടെയും, എസ് റ്റി. പ്രൊമോട്ടർമാരുടെയും സേവനം ഉപയോഗിച്ച് പട്ടകവർഗ്ഗക്കാർ വാസയോഗ്യമായ വീടുകളിലാണോ താമസിച്ചുവരുന്നതെന്ന് ഉറപ്പുവരുത്തുന്നു.

(ഡി) ബന്ധപ്പെട്ട ഓഫീസുകളിലെയോ, തദ്ദേശസ്വയംഭരണ വകുപ്പിലെയോ അസിസ്റ്റന്റ് എഞ്ചിനീയർ നൽകുന്ന വാല്യുവേഷൻ കം കംപ്ലീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചു വരുന്നത് എന്നതിനാൽ തുക ഇതേ ആവശ്യത്തിനുവേണ്ടിയാണ് വിനിയോഗിച്ചതെന്ന് ഉറപ്പുവരുത്താറുണ്ട്.

കുന്ദമംഗലം പ്രീ-മെട്രിക് ഹോസ്റ്റൽ പ്രവൃത്തി

297 (667) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുന്ദമംഗലം പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തി ഏതു ഘട്ടം വരെയെത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly